**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3541** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് കച്ചേരി വില്ലേജിൽ സർക്കാർ ഏറ്റെടുത്ത ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ 1957-ലെ ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കോഴിക്കോട് കച്ചേരി വില്ലേജിൽ സർക്കാർ ഭൂമിയിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ട ഉടനെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി എ ഫാറം ബുക്ക് ചെയ്ത് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത നിയമം സെക്ഷൻ 15 പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ; | (സി) | കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 15 പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥനെയാണ് പ്രസ്തുത ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി എ ഫാറം സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതുമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി എസ്. കെ. കമലാക്ഷി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 15500/2022 നമ്പർ കേസ് നിലവിലുള്ളതാണ്. |
| (ഡി) | സെക്ഷൻ 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത ഭൂമിയിലെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കയ്യേറ്റ കക്ഷികൾക്കെതിരെ നോട്ടീസ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ